## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2308** **06.10.2016 -ൽ മറുപടി നൽകേണ്ടതിന്**

### തരിശ്ശായിക്കിടക്കുന്ന സർക്കാർ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രത്യേക ഉപയോഗമില്ലാതെ തരിശ്ശായിക്കിടക്കുന്ന സർക്കാർ ഭൂമിയുടെ കൃത്യമായ കണക്കുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | സർക്കാർ ഭൂമിയുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എല്ലാ വില്ലേജ് ഓഫീസുകളിലും ലഭ്യമാണെങ്കിലും അതിൽ തരിശായി കിടക്കുന്നവ (ഉപയോഗ രഹിതമായി കിടക്കുന്നവ) സംബന്ധിച്ച് പ്രത്യേകം കണക്കുകൾ ഒന്നും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. |
| (ബി) താലൂക്കടിസ്ഥാനത്തിലോ, നിയോജക മണ്ഡലാടിസ്ഥാനത്തിലോ ഇതിന്റെ കണക്ക് ജനപ്രതിനിധികൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ; | പ്രത്യേകം കണക്ക് ലഭ്യമല്ലാത്ത തിനാൽ ഇപ്പോൾ നൽകുവാൻ നിവൃത്തിയില്ലാ ത്തതാണ്. |
| (സി) പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തലത്തിലുള്ള കയ്യേറ്റങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന എന്തെങ്കിലും സ്ഥിരം സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുന്നതിനും പരിശോധന കൃത്യമായി നടക്കുന്നുണ്ടോ എന്ന് നിരീ ക്ഷിക്കുന്നതിനും നടപടികൾ ത്വരിത പ്പെടുത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ജില്ലാ തലത്തിലും,താലൂക്ക് തലത്തിലും പ്രത്യേക പരിശോധനാ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ